പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 37
10/12/2012 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. ദാസൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) | 2012 ആഗസ്റ്റ് 16 ന് മുഖ്യമന്ത്രി സർവ്വീസ് സംഘടനകളുമായി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പെൻഷൻ പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായോ; | 2012 ആഗസ്റ്റ് 16 ന് മുഖ്യമന്ത്രി സർവ്വീസ് സംഘടനകളുമായി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പെൻഷൻ പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി |
| (ബി) | ഈ യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാമെന്നും അവർ ഏതെല്ലാം സംഘടനകളുടെ പ്രതിനിധികൾ ആയിരുന്നുവെന്നും വ്യക്തമാക്കുമോ; | ചർച്ചയിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ചർച്ചയിൽ ഓരോ സംഘടനയുടെയും പ്രതിനിധി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദീകരിച്ചു വ്യക്തമാക്കുമോ; മിനിട്ട്സിൻെറ പൂർണ്ണമായ പകർപ്പ് ലഭ്യമാക്കുമോ; | ഓരോ സംഘടനയുടെയും പ്രതിനിധി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ മിനിട്ട്സിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൻെറ കോപ്പി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ചർച്ചയിൽ സർവ്വീസ് സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ആശങ്കകൾ സംബന്ധിച്ച് മുഖ്യമന്ത്രി നൽകിയ ഉറപ്പനുസരിച്ച് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ജനറൽ പ്രൊവിഡന്റ് ഫണ്ട് നിലനിർത്തുന്ന കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലാണ്. പെൻഷൻ വിഹിതം ഏതു രീതിയിലാണ് നിക്ഷേപിക്കേണ്ടത് എന്നതു സംബന്ധിച്ച ജീവനക്കാരുടെ ആശങ്ക ദൂരീകരിക്കുന്നതിനായി Pension Fund Regulatory and Development Authority യുമായി കത്തിടപാട് നടത്തിയിട്ടുണ്ട്. |
| (ഇ) | 16.08.2012 ലെ യോഗത്തിൽ സർക്കാർ നൽകിയ ഉറപ്പനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നും എന്തെല്ലാം കാര്യങ്ങൾ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തി എന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്